# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.961 — 08/01/2014 – ൽ മറുപടിക്ക്

### ചേർത്തല ഇ.എസ്.ഐ. ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല താലൂക്കിലെ ഇ.എസ്.ഐ. ആശുപത്രിയിലെ പരിമിതികൾ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്നത് സ്ഥലസൗകര്യം കുറഞ്ഞ കെട്ടിടത്തിലാണ്. സൗകര്യം കൂടുതലുള്ള കെട്ടിടത്തിലേക്ക് ഡിസ്പെൻസറിയുടെ പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) രോഗികളുടെ വർദ്ധനവിനനുസരിച്ചുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും മരുന്നുകളും മറ്റു സൗകര്യങ്ങളും പ്രസ്തുത ആശുപത്രിയിലില്ല എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | ബി) രോഗികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2 ഡോക്ടർ ടൈപ്പായിരുന്ന ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറി നിലവിൽ 4 ഡോക്ടർ ടൈപ്പായി ഉയർത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. മരുന്നുകളും നൽകുന്നുണ്ട്. |
| (സി) മതിയായ ചികിത്സ കിട്ടാതെ രോഗികളായ തൊഴിലാളികൾ ബുദ്ധിമുട്ടുന്ന കാര്യം ബോദ്ധ്യപ്പെട്ട് ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | സി) മതിയായ ചികിത്സ കിട്ടാതെ രോഗികൾ ബുദ്ധിമുട്ടുന്ന അവസ്ഥകൾ ഒന്നും ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ